# ബ്രാഹ്മണ - ജീവിതത്തിന്റെ അടിത്തറ - ദിവ്യ ബുദ്ധിയും ആത്മീയ ദൃഷ്ടിയും

ഇന്ന് ദിവ്യബുദ്ധി വിധാതാവും ആത്മീയ ദൃഷ്ടി ദാതാവുമായ ബാപ്ദാദ നാലുഭാഗത്തുമുള്ള ദിവ്യ ബുദ്ധി പ്രാപ്തമാക്കുന്ന കുട്ടികളെ കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ ബ്രാഹ്മണ കുട്ടികൾക്കും ഈ രണ്ട് വരദാനങ്ങളും ബ്രാഹ്മണ ജന്മം ലഭിച്ചപ്പോൾ തന്നെ പ്രാപ്തമാണ്. ദിവ്യ ബുദ്ധിയും ആത്മീയ ദൃഷ്ടിയും- ഇത് ജന്മാവകാശ രൂപത്തിൽ എല്ലാവർക്കും ലഭിച്ചിട്ടുണ്ട്. ഈ വരദാനം ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറയാണ്. ജീവിത പരിവർത്തനം അല്ലെങ്കിൽ മർജീവ ജന്മം, ബ്രാഹ്മണ ജീവിതം എന്ന് ഈ രണ്ട് പ്രാപ്തികളെയും തന്നെയാണ് പറയുന്നത്. ഭൂതകാല ജീവിതവും വർത്തമാന ബ്രാഹ്മണ ജീവിതവും- രണ്ടിന്റെയും അന്തരം ഈ രണ്ട് കാര്യങ്ങളുടെ തന്നെ വിശേഷതയാണ്. ഈ രണ്ട് കാര്യങ്ങളിലുമാണ് സംഗമുഗീ പരുഷാർത്ഥികളുടെ നമ്പർ ഉണ്ടാകുന്നത്. ഈ രണ്ട് കാര്യങ്ങളെയും സദാ ഓരോ സങ്കൽപത്തിൽ, വാക്കിൽ, കർമ്മത്തിൽ ആര് എത്രത്തോളം ഉപയോഗിക്കുന്നോ അത്രയും നമ്പർ മുന്നിൽ നേടുന്നു. ആത്മീയ ദൃഷ്ടി, ദൃഷ്ടിയിലൂടെ വൃത്തിയും, കർമ്മവും സ്വതവേ പരിവർത്തനപ്പെടുന്നു. ദിവ്യ ബുദ്ധിയിലൂടെ സ്വയത്തെ പ്രതി, സേവനത്തെ പ്രതി, ബ്രാഹ്മണ-പരിവാരത്തിലെ സംബന്ധ-സമ്പർക്കത്തെ പ്രതി സദാ സമയവും സ്വാഭാവികമായും ഓരോ കാര്യത്തിലും നിർണ്ണയം യഥാർത്ഥമാകുന്നു എവിടെ ദിവ്യബുദ്ധിയിലൂടെ യഥാർത്ഥ നിർണ്ണയമുണ്ടാകുന്നോ അപ്പോൾ നിർണ്ണയത്തിന്റെ ആധാരത്തിൽ തന്നെ സ്വയം, സേവനം, സംബന്ധ-സമ്പർക്കം യഥാർത്ഥവും ശക്തിശാലിയുമാകുന്നു. അടിസ്ഥാനമായ കാര്യം തന്നെ ദൃഷ്ടിയും ദിവ്യ ബുദ്ധിയുമാണ്.

ഇന്ന് ബാപ്ദാദ എല്ലാ കുട്ടികളുടെയും ദിവ്യബുദ്ധിയെ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏറ്റവും ആദ്യം ദിവ്യ ബുദ്ധിയുടെ ആദ്യത്തെ ലക്ഷണമാണ്- അവർ സദാ ബാബയെ, സ്വയത്തെ, ബ്രാഹ്മണ ആത്മാവിനെ, ആര് എന്താണോ ഏതുപോലെയാണോ അതുപോലെ തന്നെ അറിഞ്ഞ് ആ രൂപത്തിൽ ബാബയിൽ നിന്ന് എത്രത്തോളം എടുക്കണോ ആ അധികാരം സദാ പ്രാപ്തമാക്കിക്കൊണ്ടിരിക്കുന്നു. എന്താണോ ബാബ ആക്കിയത്, സേവനത്തിന് നിമിത്തമായി വച്ചിരിക്കുന്നത്, എന്താണോ ബാബ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതകളായും അല്ലെങ്കിൽ ദിവ്യഗുണങ്ങളായും നൽകിയിട്ടുള്ളത്, ഏതുപോലെയാണോ ബാബ നിമിത്തമാക്കിയിട്ടുള്ളത് - അതുപോലെ സ്വയം സ്വയത്തെ തിരിച്ചറിഞ്ഞ് അതനുസരിച്ച് സ്വയത്തെ മുന്നോട്ട് നയിക്കുക - ഇതിനെയാണ് പറയുന്നത് ബാബയെ, സ്വയത്തെ, ബ്രാഹ്മണ ആത്മാക്കൾ ആരെല്ലാമാണോ ഉള്ളത്, എന്താണോ ഏതുപോലെയാണോ അതുപോലെ അവരെ അറിഞ്ഞ് മുന്നേറുക. ഇതാണ് ദിവ്യ ബുദ്ധിയുടെ ആദ്യത്തെ ലക്ഷണം.

ദിവ്യ ബുദ്ധി അർത്ഥം ഹോളിഹംസ ബുദ്ധി. ഹംസം അർത്ഥം സ്വച്ഛത, പാലിനെയും വെള്ളത്തെയും അല്ലെങ്കിൽ മുത്തിനെയും കല്ലിനെയും തിരിച്ചറിഞ്ഞ് മുത്തിനെ സ്വീകരിക്കുന്നവർ. അറിയാം ഇത് കല്ലാണ്, ഇത് മുത്താണ് എന്നാൽ കല്ലിനെ സ്വീകരിക്കുന്നില്ല അതുകൊണ്ടാണ് ഹോളിഹംസം സംഗമയുഗീ ജ്ഞാന-സ്വരൂപ വിദ്യാ ദേവി "സരസ്വതി"യുടെ വാഹനമായിട്ടുള്ളത്. താങ്കളെല്ലാവരും ജ്ഞാന സ്വരൂപരാണ്. അതുകൊണ്ട് വിദ്യാപതി അല്ലെങ്കിൽ വിദ്യാ ദേവിയാണ്. ഈ വാഹനം ദിവ്യ ബുദ്ധിയുടെ അടയാളമാണ്. താങ്കൾ എല്ലാ ബ്രാഹ്മണരും ബുദ്ധിയോഗത്തിലൂടെ മൂന്നുലോകങ്ങളിലും ചുറ്റിക്കറങ്ങുന്നു. ബുദ്ധിയെ തന്നെയാണ് വാഹനമെന്ന് പറയുന്നത്. ഈ ദിവ്യ ബുദ്ധിയുടടെ വാഹനം എല്ലാ വാഹനങ്ങളെക്കാളും തീവ്രഗതിയുള്ളതാണ്. ദിവ്യ ബുദ്ധിയെ ബുദ്ധിബലമെന്നും പറയുന്നു എന്തുകൊണ്ടെന്നാൽ ബുദ്ധിബലത്തിലൂടെ തന്നെയാണ് ബാബയിൽ നിന്നും സർവ്വശക്തികളും പിടിച്ചെടുക്കാൻ സാധിക്കുന്നത് അതുകൊണ്ട് ബുദ്ധിബലമെന്ന് പറയുന്നു. ഏതുപോലെയാണോ സയൻസിന്റെ ബലമുള്ളത്. സയൻസിന്റെ ബലം പരിധിയുള്ള എത്ര അദ്ഭുതങ്ങളാണ് കാണിക്കുന്നത്! പല കാര്യങ്ങളും ഇന്ന് മനുഷ്യന് അസംഭവ്യമെന്ന് തോന്നുന്നത് അത് സംഭവ്യമാക്കി കാണിക്കുന്നു. എന്നാൽ ഇത് വിനാശീ ബലമാണ്. സയൻസ് ബുദ്ധി ബലമാണ് എന്നാൽ ദിവ്യ ബുദ്ധിബലമല്ല, ലൗകിക ബുദ്ധിയാണ്, അതുകൊണ്ട് ഈ ലോകത്തെ പ്രതി, പ്രകൃതിയെക്കുറിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുന്നു. ദിവ്യ ബുദ്ധി ബലം മാസ്റ്റർ സർവ്വശക്തിവാനാക്കുന്നു, പരമാത്മാ-തിരിച്ചറിവ്, പരമാത്മാ- കൂടിക്കാഴ്ച, പരമാത്മാ-പ്രാപ്തിയുടെ അനുഭൂതി ചെയ്യിക്കുന്നു. ദിവ്യ ബുദ്ധി എന്താഗ്രഹിക്കുന്നോ, എങ്ങനെ ആഗ്രഹിക്കുന്നോ, അസംഭവ്യത്തെ സംഭവ്യമാക്കി മാറ്റുന്നതാണ്. ദിവ്യ ബുദ്ധിയിലൂടെ ഓരോ കർമ്മത്തിലും പരമാത്മാ സ്നേഹം (പവിത്ര ടച്ചിംങ്) അനുഭവം ചെയ്ത് ഓരോ കർമ്മത്തിലും സഫലതയുടെ അനുഭവം ചെയ്യാൻ സാധിക്കുന്നു. ദിവ്യബുദ്ധിക്ക് മാത്രമാണ് മായയുടെ യുദ്ധത്തെ പരാജയമണിയിക്കാൻ

സാധിക്കുന്നത്. എവിടെയാണോ പരമാത്മാ ടച്ചിംങ്ങുള്ളത്, പവിത്രമായ ടച്ചിംങ്ങുള്ളത്, മിക്സ്ചർ ഇല്ലാത്തത്, അവിടെ മായയുടെ ടച്ചിംങ് അഥവാ യുദ്ധം അസംഭവ്യമാണ്. മായയുടെ വരവ് പോയിട്ട് സ്പർശിക്കാൻ പോലും സാധിക്കില്ല. മായ ദിവ്യ ബുദ്ധിക്ക് മുന്നിൽ സഫലതയുടെ വരമാലയാകുന്നു, പിന്നീട് മായ ഉണ്ടായിരിക്കില്ല. ഏതുപോലെയാണോ ദ്വാപരത്തിലെ രജോഗുണീ ഋഷി–മുനി ആത്മാക്കൾ സിംഹത്തെ പോലും തന്റെ ശക്തിയിലൂടെ ശാന്തമാക്കിയിരുന്നില്ലേ. സിംഹം കൂട്ടുകാരനായി മാറുന്നു, കളിപ്പാട്ടമായി മാറുന്നു, പരിവർത്തനപ്പെടുന്നില്ലേ. അപ്പോൾ താങ്കൾ സതോപ്രധാന, മാസ്റ്റർ സർവ്വശക്തിവാൻ, ദിവ്യ–ബുദ്ധി–വരദാനി – അവരുടെ മുന്നിൽ മായ എന്താണ്, മായ ശത്രുവിൽ നിന്ന് പരിവർത്തനപ്പെടുകയില്ലേ? ദിവ്യ ബുദ്ധി ബലം അതി ശ്രേഷ്ഠമായ ബലമാണ്. കേവലം ഇതിനെ ഉപയോഗിക്കൂ. ഏതുപോലെയാണോ സമയം ആ വിധിയിലൂടെ ഉപയോഗിക്കൂ എങ്കിൽ സർവ്വ സിദ്ധികളും താങ്കളുടെ ഉള്ളം കൈയ്യിലുണ്ട്. സിദ്ധി ഒരു വലിയ കാര്യമല്ല, കേവലം ദിവ്യ ബുദ്ധിയുടെ ശുദ്ധതയാണ്. ഏതുപോലെയാണോ ഇന്നത്തെ കാലത്ത് മായാജാലക്കാർ കൈകളുടെ ശുദ്ധത കാണിക്കാറില്ലേ. ഈ ദിവ്യ ബുദ്ധിയുടെ ശുദ്ധത സർവ്വ സിദ്ധികളേയും കൈപ്പിടിയിലാക്കുന്നു. താങ്കൾ എല്ലാ ബ്രാഹ്മണ ആത്മാക്കളും സർവ്വ സിദ്ധികളും പ്രാപ്തമാക്കിയിട്ടുണ്ട് എന്നാൽ ദിവ്യ സിദ്ധികൾ സാധാരണമല്ല. അതുകൊണ്ടാണ് താങ്കളുടെ മൂർത്തികളിലൂടെ ഇന്ന് വരേയ്ക്കും ഭക്തർ സിദ്ധികൾ പ്രാപ്തമാക്കുന്നതിന് വേണ്ടി പോകുന്നത്. എപ്പോഴോ സിദ്ധി സ്വരൂപമായിട്ടുണ്ട് അതുകൊണ്ടാണ് ഭക്തർ താങ്കളുടെ അടുത്ത് നിന്ന് ചോദിക്കുന്നതിനായി പോകുന്നത്. മനസ്സിലായോ എന്താണ് ദിവ്യ ബുദ്ധിയുടെ അദ്ഭുതമെന്ന്! ദിവ്യ ബുദ്ധിയുടെ അദ്ഭുതം സ്പഷ്ടമായില്ലേ. എന്നാൽ ഇന്ന് എന്താണ് കണ്ടത്? ടിച്ചേഴ്സ് കേൾപ്പിക്കൂ.
ടീച്ചേഴ്സ് ബാബയ്ക്ക് സമാനം മാസ്റ്റർ ശിക്ഷകരായില്ലേ! ടീച്ചേഴ്സ് അർത്ഥം ഓരോ സങ്കൽപം, വാക്ക്, ഓരോ സെക്കന്റും സേവനത്തിൽ ഉപസ്ഥിതം – ഇങ്ങനെയുള്ള സേവാധാരിയെ മാത്രമാണ് ബാപ്ദാദ ടീച്ചറെന്ന് പറയുന്നത്. എല്ലാ സമയത്തും വാക്കിലൂടെ സേവനം ചെയ്യാൻ സാധിക്കില്ല. ക്ഷീണിച്ച് പോകില്ലേ. എന്നാൽ തന്റെ സവിശേഷതകളിലൂടെ എല്ലാ സമയവും സേവനം ചെയ്യാൻ സാധിക്കും. ഇതിൽ ക്ഷീണത്തിന്റെ കാര്യം തന്നെയില്ല. ഇത് ചെയ്യാൻ സാധിക്കില്ലേ, ടീച്ചേഴ്സ് സംഭാഷണ സേവനം യഥാശക്തി സമയ പ്രമാണം തന്നെയാണ് ചെയ്യുക എന്നാൽ ഫരിസ്താ ഫ്യൂച്ചറിന്റെ ഫീച്ചറുണ്ടായിരിക്കണം. സംഗമയുഗത്തിന്റെ ഭാവി ഫരിസ്തയാണ്, അത് സവിശേഷതകളിൽ കാണുകയാണെങ്കിൽ എത്ര നല്ല സേവനമായിരിക്കും? എപ്പോഴാണോ ജഡ ചിത്രം ഫീച്ചറുകളിലൂടെ അന്തിമ ജന്മം വരേയ്ക്കും സേവനം ചെയ്തുകൊണ്ടിരിക്കുന്നത്, എങ്കിൽ താങ്കൾ ചൈതന്യ ശ്രേഷ്ഠ ആത്മാക്കൾക്ക് തന്റെ സവിശേഷതകളിലൂടെ സേവനം സഹജമായി ചെയ്യാൻ സാധിക്കും. താങ്കളുടെ ഫീച്ചേഴ്സിൽ സദാ സുഖത്തിന്റെ, ശാന്തിയുടെ, സന്തോഷത്തിന്റെ തിളക്കുമുണ്ടായിരിക്കണം. എങ്ങനെയുള്ള ദുഃഖിയും അശാന്തവുമായ ആത്മാവിന്, പരവശരായ ആത്മാവിന് താങ്കളുടെ ഫീച്ചേഴ്സിലൂടെ തന്റെ ഭാവി നിർമ്മിക്കാൻ സാധിക്കും. ഇങ്ങനെയുള്ള അനുഭവമില്ലേ. അമൃതവേളയിൽ തന്റെ ഫീച്ചേഴ്സിനെ പരിശോധിക്കൂ. ഏതുപോലെ ശരീരത്തിന്റെ സവിശേഷതകളെ പരിശോധിക്കാറില്ലേ, അതുപോലെ ഫരിസ്താ ഫീച്ചറിൽ സന്തോഷത്തിന്റെ, ശാന്തിയുടെ, സുഖത്തിന്റെ അലങ്കാരം ശരിയാണോ – ഇത് പരിശോധിക്കുകയാണെങ്കിൽ സ്വതവേയും സഹജവുമായി സേവനം നടന്നുകൊണ്ടിരിക്കും. ടീച്ചേഴ്സിന് സഹജമായി തോന്നുന്നില്ലേ? ഇത് 12 മണിക്കൂറും തന്നെ സേവനം ചെയ്യാൻ സാധിക്കും. ഈ വാചാ സേവനം രണ്ടോ–നാലോ മണിക്കൂറേ ചെയ്യൂ. പദ്ധതികളുടെ കാര്യം, പ്രഭാഷണമെല്ലാം ചെയ്തുകയാണെങ്കിൽ ക്ഷീച്ച് പോകും, ഇതിൽ ക്ഷീണിക്കുന്നതിന്റെ കാര്യം തന്നെയില്ല. സ്വാഭാവികമല്ലേ. ഇതുപോലെ തന്നെ എല്ലാവരും അനുഭവികളുമാണ് എന്നാൽ... ബാപ്ദാദ കണ്ടു വിദേശത്ത് നായയെയും പൂച്ചയെയും വളരെ പാലിക്കുന്നുണ്ട്. ഇങ്ങനെയുള്ള കളിപ്പാട്ടവും ഇവരാണ് കൊണ്ടുവരുന്നത്. അപ്പോൾ വളരെ നന്നായി അനുഭവം ചെയ്യുന്നു, എന്നാൽ ഇടക്ക് നായ വരുന്നു, ഇടക്ക് ഏതെങ്കിലും പൂച്ച വരുന്നു. അതിനെ ഓടിക്കുന്നതിൽ സമയം വിനിയോഗിക്കുന്നു. എന്നാൽ ഇന്ന് കേൾപ്പിച്ചില്ലേ മായ താങ്കളുടെ സഫലതയുടെ മാലയായി തീരും. എല്ലാ നിമിത്ത സേവാധാരികളുടെ കഴുത്തിലും മാലയുണ്ട്. സഫലതയുടെ മാലയുണ്ട് അതോ ഇടക്കിടക്ക് കഴുത്തിൽ മാല ഉണ്ടായിട്ടും കാണാൻ സാധിക്കുന്നില്ലേ? പുറമെ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു മാല കിട്ടിയിരുന്നെങ്കിൽ. ഏതുപോലെയാണോ റാണിയുടെ കഥ കേൾപ്പിക്കാറില്ലേ. കഴുത്തിൽ മാല ഉണ്ടായിരുന്നിട്ടും പുറമെ അന്വേഷിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ചെയ്യുന്നില്ലല്ലോ. സഫലത ഓരോ ബ്രാഹ്മണ–ആത്മാവിന്റെയും അധികാരമാണ്. എല്ലാ ടീച്ചേഴ്സും സഫലതാമൂർത്തികളല്ലേ അതോ പുരുഷാർത്ഥീ മൂർത്തിയും, പരിശ്രമ മൂർത്തിയുമാണോ? പുരുഷാർത്ഥവും സഹജ പുരുഷാർത്ഥമാണ്, പരിശ്രമത്തിന്റേതല്ല. യഥാർത്ഥ പുരുഷാർത്ഥത്തിന്റെ പരിഭാഷ തന്നെ സ്വാഭാവിക ശ്രദ്ധ എന്നാണ്. പലരും പറയാറുണ്ട് – അറ്റൻഷൻ വയ്ക്കേണ്ടേ. എന്നാൽ അറ്റൻഷൻ ടെൻഷനിലേക്ക് പരിവർത്തനപ്പെടുന്നു, ഇതറിയുന്നില്ല. സ്വാഭാവിക ശ്രദ്ധ അർത്ഥം യഥാർത്ഥ പുരുഷാർത്ഥി. ടീച്ചേഴ്സിനോട് ബാപ്ദാദയ്ക്ക് സ്നേഹമുണ്ട്, അതുകൊണ്ട് കഷ്ടപ്പെടാൻ അനുവദിക്കുന്നില്ല.

ഹൃദയത്തിന്റെ സ്നേഹം ഇതല്ലേ. ശരി, പിന്നീട് മറ്റ് എന്തെന്തെല്ലാമാണ് കണ്ടെതെന്ന് പിന്നീടൊരിക്കൽ കേൾപ്പിക്കാം! അൽപാൽപമായി കേൾപ്പിക്കാം. എല്ലാവരുടെയും ഉള്ളിൽ സ്വന്തം ചിത്രം വന്നുകൊണ്ടിരിക്കുന്നുണ്ട്.

ദേശ-വിദേശത്ത് സേവനത്തിന്റെ ആഘോഷം നന്നായിട്ടുണ്ട്. ഭാരതത്തിന്റെ സമ്മേളനവും വളരെയധികം വിജയമായിരുന്നു. സഫലതയുടെ അടയാളമാണ് - സഫലതയുടെ സുഗന്ധത്തിൽ വരുന്ന ആത്മാക്കൾ തന്റെ ഉണർവ്വിലൂടെയും-ഉത്സാഹത്തിലൂടെയും സംഖ്യയിൽ വർദ്ധനവ് വരുത്തുന്നു. നല്ല ലക്ഷണം ഇതാണ് എല്ലാവരുടെയും ഉള്ളിൽ കാണുന്നതിനും-കേൾക്കുന്നതിനും-നേടുന്നതിനുമുള്ള ഇച്ഛ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതാണ് നല്ലവരുടെ ലക്ഷണം. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കരുത് - സംഖ്യ കുറവായിരിക്കും. അഥവാ നല്ലത് ചെയ്യുകയാണെങ്കിൽ ഇച്ഛ വർദ്ധിക്കും, സംഖ്യ തീർച്ചയായും വർദ്ധിക്കും. വിദേശത്തെ റിട്രീറ്റിലാകട്ടെ, സമ്മേളനങ്ങളാകട്ടെ - രണ്ട് പേരുടെയും റിസൽട്ട് ദിനം പ്രതി ദിനം നല്ലതിലും നന്നായി കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഏറ്റവും നല്ല റിസൽട്ട് ഇതാണ്, ആദ്യം വിദേശത്ത് ഇങ്ങനെ പറഞ്ഞിരുന്നു, ബ്രഹ്മാകുമാരിമാരുടെ പേരിൽ ആരും വരികയില്ല. "ഇപ്പോഴാണെങ്കിൽ നേരിട്ട് ബ്രഹ്മാകുമാരിമാരുടെ ആശ്രമത്തിൽ റിട്രീറ്റ് ചെയ്യാൻ പോകുകയാണ്, രാജയോഗം പഠിക്കുന്നതിന് വേണ്ടി പോകുകയാണ്" ഇത് മനസ്സിലാക്കുന്നുണ്ട്. അപ്പോൾ ഇവർ കർട്ടന് പുറത്തേക്ക് വന്നു, മുഖംമൂടി അഴിച്ചു. മധുബൻ നിവാസി അല്ലെങ്കിൽ സേവാധാരി എല്ലാവരും ആഗ്രഹിക്കുന്നുണ്ട്, ഭാരതത്തിലെ അനേക സ്ഥാനങ്ങളിൽ നിന്ന് വന്ന് സേവനം ചെയ്തു, മധുബൻ നിവാസി അല്ലെങ്കിൽ നാലുഭാഗത്തുമുള്ള സേവാധാരികൾ സ്നേഹത്തോടെ, പ്രശ്നങ്ങളെ നോക്കാതെ, വിശ്രമത്തെ നോക്കാതെ, നന്നായി അക്ഷീണ സേവനം ചെയ്തു അതിനാൽ ബാപ്ദാദ നാലുഭാഗത്തുമുള്ള അക്ഷീണ സേവനത്തിന്റെ സഫലത പ്രാപ്തമാക്കുന്ന വിശേഷ കുട്ടികൾക്ക് സേവനത്തിന്റെ ആശംസ, ഹൃദയത്തിൽ നിന്നുള്ള ആശംസകൾ നൽകുകയാണ്. ശബ്ദം മുഴങ്ങിക്കൊണ്ട് നാലുഭാത്തും പരന്നുകൊണ്ടിരിക്കുന്നുണ്ട്. ശരി!

സർവ്വ ദിവ്യ ബുദ്ധി ആത്മീയ വരദാനി ആത്മാക്കൾക്ക്, സദാ ബുദ്ധി-ബലത്തെ സമയ പ്രമാണം, കാര്യ പ്രമാണം ഉപയോഗിക്കുന്ന ജ്ഞാന സ്വരൂപ ആത്മാക്കൾക്ക്, സദാ തന്റെ ഫരിസ്താ ഫീച്ചേഴ്സിലൂടെ അഖണ്ഡ സേവനം ചെയ്യുന്ന സ്വതവേയും സഹജവുമായ പുരുഷാർത്ഥീ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്ക്കാരവും.

**ഡബിൾ വിദേശീ സഹോദരീ-സഹോദരൻമാരുടെ വ്യത്യസ്ത ഗ്രൂപ്പുകളുമായി ബാപ്ദാദ നടത്തിയ കൂടിക്കാഴ്ച**

1. എല്ലാവരും തന്റെ ശ്രേഷ്ഠ ഭാഗ്യത്തെ കണ്ട് സന്തോഷിക്കുന്നുണ്ടോ? ഇനിയും എത്ര പേർ വന്നാലും താങ്കളുടെ ഭാഗ്യം സദാ തന്നെയും ഉണ്ട്. താങ്കൾ അവരെ മുന്നോട്ട് നയിച്ചുകൊണ്ട് മുന്നിലുണ്ടായിരിക്കും എന്തുകൊണ്ടെന്നാൽ മുന്നോട്ട് നയിക്കുന്നവർ സ്വതവേ തന്നെ മുന്നിലായിരിക്കും. മറ്റുള്ളവരെ മുന്നിൽ വയ്ക്കുന്നതിലൂടെ താങ്കളുടെ പുണ്യം ശേഖരിക്കപ്പെടുന്നു. അപ്പോൾ മുന്നേറിയില്ലേ! സദാ ഈ ലക്ഷ്യം ഓരോ ചുവടിലും ഉണ്ടായിരിക്കണം മുന്നേറണം മുന്നോട്ട് നയിക്കണം. ഏതുപോലെയാണോ ബാബ കുട്ടികളെ മുന്നോട്ടു കൊണ്ടുവന്നത്, സ്വയം നട്ടെല്ലായി കുട്ടികളെ മുന്നിൽ വച്ചു. അതുപോലെ ഫോളോ ഫാദർ ചെയ്യുന്നവരല്ലേ! എത്രത്തോളം ഇവിടെ ബാബയെ ഫോളോ ചെയ്യുന്നോ അത്രയും തന്നെ വിശ്വത്തിന്റെ രാജ്യ സിംഹാസനത്തിൽ സംഖ്യാക്രമത്തിൽ ഫോളോ ചെയ്യും. സിംഹാസനം നേടണോ അതോ സിംഹാസനധാരികളെ കാണണോ? (ഇരിക്കണം) സത്യയുഗത്തിൽ എട്ട് പേരിരിക്കും, അപ്പോൾ എന്തു ചെയ്യും? അല്പ സമയം രുചിച്ച് നോക്കും! എപ്പോൾ വിശ്വ-മഹാരാജൻ തന്റെ കൊട്ടാരത്തിലേക്ക് പോകുന്നോ താങ്കൾ ഇരുന്നു നോക്കും! അപ്പോൾ എന്ത് ചെയ്യും? എത്രത്തോളം ഈ സമയം സദാ ബാബയോടൊപ്പം കഴിച്ചും-കുടിച്ചും കഴിയുന്നോ, കളിക്കുകയും, പഠിക്കുകയും ചെയ്യുന്നോ അത്രയും അവിടെ കൂടെയായിരിക്കും. ബ്രഹ്മാബാബയോട് വളരെ സ്നേഹമില്ലേ! ബാപ്ദാദയ്ക്കും സന്തോഷമുണ്ട് ബ്രഹ്മാബാബയുടെ ഓമനകളായ ബ്രഹ്മാകുമാരനും കുമാരിമാരുമാണ്! ബ്രഹ്മാ ബാബയോടൊപ്പം അനേക ജന്മം സമീപത്ത് കഴിയും, കൂടെ കഴിയും. 21 ജന്മം ഗ്യാരണ്ടിയാണ്- വ്യത്യസ്ത നാമ-രൂപത്തിൽ ബ്രഹ്മാവിന്റെ ആത്മാവിനോടൊപ്പം സംബന്ധത്തിൽ ഉണ്ടായിരിക്കും. ഇത് ഹൃദയത്തിൽ വരുന്നുണ്ടോ അതോ കേട്ടതാണോ അതുകൊണ്ടാണോ പറയുന്നത്? ഫീലിംങ് വരുന്നുണ്ടോ? എത്രത്തോളം സമീപതയുടെ സ്മൃതി ഉണ്ടോ അത്രത്തോളം സ്വാഭാവികമായ ലഹരിയും, നിശ്ചയവും സ്വതവേ ഉണ്ടായിരിക്കും. ഹൃദയം കൊണ്ട് സദാ ഈ അനുഭവം ചെയ്യൂ അനേക പ്രാവശ്യം ബാബയുടെ കൂട്ടുകാരനായിട്ടുണ്ട്, ഇപ്പോഴുമാണ് ഇനിയും അനേക പ്രാവശ്യം ആയിക്കൊണ്ടുമിരിക്കും. കുട്ടികളുടെ അവിനാശീ പുരുഷാർത്ഥം കണ്ട് ബാപ്ദാദയ്ക്ക് വിശേഷ സന്തോഷമുണ്ട്. കുംടുംബത്തിലെ ചെറിയ കുട്ടികളുടെ മേൽ മാതാ-പിതാവിന് എല്ലായിപ്പോഴും വിശേഷ സ്നേഹമുണ്ടായിരിക്കും എല്ലാവരുടെയും

സ്നേഹം തന്നെയാണ് അവരെ വളർത്തുന്നത്. ബാപ്ദാദ സദാ നോക്കിക്കൊണ്ടിരിക്കുന്നുണ്ട് ഏത് കുട്ടി എത്രത്തോളം മുന്നേറിക്കൊണ്ടിരിക്കുന്നുണ്ട് എത്രത്തോളം സേവനത്തിൽ അഭിവൃദ്ധി വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്! അതുകൊണ്ട് സദാ ഈ വരദാനം ഓർമ്മ വയ്ക്കണം, സദാ–നിരന്തര–സ്വാഭാവിക പുരുഷാർത്ഥിയാണ്. ഈ വർഷം ഈ വരദാനത്തെ സ്മൃതിയിൽ വച്ച് സ്മൃതി സ്വരൂപരാകണം. ഓരോരുത്തരും മനസ്സിലാക്കണം ഈ വരദാനം വ്യക്തിപരമായി എനിക്കുള്ള വരദാനമാണ്! ശരി.

എല്ലാവരും ബിസിയായല്ലേ കഴിയുന്നത്! ആരാണോ ബിസിയായിട്ടുള്ളത് അവരുടെ സമീപം മായ വരില്ല എന്തുകൊണ്ടെന്നാൽ താങ്കളുടെ പക്കൽ മായയെ സ്വീകരിച്ചിരുത്താനുള്ള സമയമേയില്ല. ഇത്രയും ബിസിയായാണോ കഴിയുന്നത് അതോ ഇടക്കിടക്ക് സ്വീകരിച്ചിരുത്താറുണ്ടോ? ബ്രാഹ്മണനായിരിക്കുന്നത് തന്നെ എന്തിനാണ്? ബിസിയായി കഴിയുന്നതിന് വേണ്ടിയല്ലേ. ബാപ്ദാദ ചിരിച്ചുകൊണ്ട് പറയുകയാണ് ബിസിയായി കഴിയുന്നവർ തന്നെയാണ് ഏറ്റവും വലിയ ബിസിനസ്മാൻ. മുഴുവൻ ദിവസത്തിലും എത്ര വലിയ ബിസിനസാണ് ചെയ്യുന്നത്! കണക്കറിയുമോ? കണക്ക് വയ്ക്കാൻ അറിയുമോ? ഓരോ ചുവടിലും കോടികളുടെ സമ്പാദ്യമാണ്. ചുവടിൽ കോടി – മുഴുവൻ കൽപത്തിലും ഇങ്ങനെയുള്ള ബിസിനസ് മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. എത്രത്തോളം സമ്പാദിക്കുന്നോ ആസമ്പാദ്യത്തിന്റെ സന്തോഷമുണ്ടായിരിക്കും. ഏറ്റവും കൂടുതൽ സന്തോഷം ആർക്കാണുള്ളത്? ലഹരിയോടെ പറയൂ – നമുക്ക് സന്തോഷമില്ലെങ്കിൽ മറ്റാർക്കുണ്ടാകും! ഈ ലഹരിയുമുണ്ട് എന്നാൽ വിനയവുമുണ്ട്. ഏതുപോലെയാണോ നല്ല വൃക്ഷത്തിന്റെ ലക്ഷണം – ഫലമുള്ളതായിരിക്കും എന്നാൽ താഴ്ന്നിരിക്കും. ഇങ്ങനെയുള്ള ലഹരിയുണ്ടോ? രണ്ടും ഒപ്പമൊപ്പം ഉണ്ടായിരിക്കണം. താങ്കളെല്ലാവരുടെയും സ്വാഭാവിക ജീവിതം തന്നെ ഇങ്ങനെയായിരിക്കുന്നു – ആരെ നോക്കുകയാണെങ്കിലും ആ സ്മൃതിയോടെ നോക്കും ഇത് ഒരേ പരിവാരത്തിലെ ആത്മാക്കളാണ് അതുകൊണ്ട് നഷ്ടമുണ്ടാക്കുന്ന ലഹരിയില്ല. ഓരോ ആത്മാവിനെ പ്രതിയും ഹൃദയത്തിൽ നിന്നുള്ള സ്നേഹം സ്വതവേ തന്നെ ഇമർജാകുന്നു. ഒരിക്കലും ആരെ പ്രതിയും വെറുപ്പ് വരികയില്ല. എപ്പോഴെങ്കിലും ആരെങ്കിലും ചീത്ത വിളിക്കുകയാണെങ്കിലും വെറുപ്പ് വരികയില്ല, ചോദ്യമുയരുകയില്ല. എവിടെ ചോദ്യചിഹ്നമുണ്ടാകുമോ അവിടെ തീർച്ചയായും ഇളക്കങ്ങളുണ്ടാകും. ഫുൾസ്റ്റോപ്പിടുന്നവർ ഫുൾപാസ്സാകുന്നു. ഫുൾസ്റ്റോപ്പിടാൻ അവർക്കാണ് സാധിക്കുന്നത്, ആരുടെ പക്കലാണോ ശക്തികളുടെ ഫുൾസ്റ്റോക്കുള്ളത്. ശരി!

**ബാപ്ദാദ വിട നൽകുന്ന സമയം എല്ലാ കുട്ടികൾക്കും ഹോളിയുടെ ആശംസകൾ നൽകി**

ഹോളി, കുട്ടികൾക്കായി സദാ ഹോളിയാണ്. സദാ തന്നെ ജ്ഞാന വർണ്ണങ്ങൾ ചാർത്തിയിരിക്കുന്നു, അതുകൊണ്ട് വിശേഷിച്ച് നിറങ്ങൾചാർത്തേണ്ട ആവശ്യകത തന്നെ ഇല്ല. ഈ വിദേശികൾ ഇതണിയുന്നില്ലല്ലോ. അത് കേവലം മനോരജ്ഞനമാണ്. ബാക്കി നിറങ്ങൾ ചാർത്തി മിക്കി മൗസാകരുത്. സദാ ഹോളീഹംസമാണ്, ഹോളിയായി കഴിയുന്നവരാണ് ഹോളി ആഘോഷിക്കുന്നവരാണ്, മറ്റുള്ളവരെയും ഹോളിയാക്കുന്നതിനുള്ള നിറം ചാർത്തുന്നു. എല്ലാ കുട്ടികൾക്കും ഹോളിയുടെ ആശംസകൾ. ഒപ്പമൊപ്പം ഉണർവ്വും ഉത്സാഹവും നിറഞ്ഞ ജീവിതത്തിൽ പറക്കുന്നതിനുള്ള ആശംസകൾ. ശരി!

## വരദാനം:– സാക്ഷീ സ്ഥിതിയുടെ അചഞ്ചല ആസനത്തിൽ വിരാജിതനായി കഴിയുന്ന ഉറച്ചവരും, ഇളകാത്തവരും, പ്രകൃതിജീത്തുമായി ഭവിക്കൂ

പ്രകൃതി ഇളക്കങ്ങൾ നടത്തുകയോ അല്ലെങ്കിൽ തന്റെ സുന്ദരമായ കളി കാണിക്കുകയോ ചെയ്യട്ടെ – രണ്ടിലും പ്രകൃതിപതി ആത്മാക്കൾ സാക്ഷിയായി കളി കാണുന്നു. കളി കാണുന്നതിൽ ആനന്ദം വരുന്നു, ഭയക്കുന്നില്ല. ആരാണോ തപസ്യയിലൂടെ സാക്ഷിസ്ഥിതിയുടെ ഇളകാത്ത ആസനത്തിൽ വിരാജിതനായി കഴിയുന്നതിന്റെ അഭ്യാസം ചെയ്യുന്നത്, അവരെ പ്രകൃതിയുടേയോ വ്യക്തിയുടേയോ ഒരു കാര്യങ്ങൾക്കും ഇളക്കാൻ സാധിക്കില്ല. പ്രകൃതിയുടെയും മായയുടെയും 5–5 കളിക്കാർ തങ്ങളുടെ കളി കളിച്ചുകൊണ്ടിരിക്കുകയാണ് താങ്കൾ അതിനെ സാക്ഷിയായി കാണൂ അപ്പോൾ പറയും അഞ്ചലരും ഇളകാത്തവരുമായ, പ്രകൃതിജീത്ത് ആത്മാവ്.

## സ്ലോഗൻ:– മനസ്സിനെയും ബുദ്ധിയെയും ഒരു ബാബയിൽ ഏകാഗ്രമാക്കുന്നവർ തന്നെയാണ് പൂജ്യ ആത്മാവാകുന്നത്.

**സൂചന:–** ഇന്ന് മാസത്തിലെ മൂന്നാം ഞായറാഴ്ചയാണ്, എല്ലാ രാജയോഗീ തപസ്വീ സഹോദരീ സഹോദരൻമാരും സന്ധ്യക്ക് 6.30 മുതൽ 7.30 വരെ, വിശേഷ യോഗാഭ്യാസത്തിന്റെ സമയം പരംധാമത്തിലെ ഉയർന്ന സ്റ്റേജിൽ സ്ഥിതി ചെയ്ത്, മുഴുവൻ ഭൂമിയിലും പവിത്രതയുടെ ശക്തിശാലീ കിരണങ്ങളിലൂടെ പവിത്രതയുടെയും, ശാന്തിയുടെയും, ശക്തിയുടെയും കിരണങ്ങൾ വ്യാപിപ്പിക്കൂ.